# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.19/461/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.19/461/2021 തീയ്യതി: 16/04/2021

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 21-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 02-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 02-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്)
സുജാത. എ, അസി. ഓഡിറ്റ് ഓഫീസർ
സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശബ്നാദാസ്. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജിജീഷ്. എ. കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശാലിനി കറുപ്പേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ജ്യോതി. എൽ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. കെ. മുരളി | സെക്രട്ടറി | 25-04-2019 | 31-07-2019 |
| ശ്രീ. വിജിൽ വി. മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 06-09-2019 |
| ശ്രീ. കെ. സന്തോഷ് | സെക്രട്ടറി | 07-09-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജിൽ. വി. മോഹൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഷൈലജ. കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| സജിത. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 19-11-2019 |
| ജിസ്ന. എ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-11-2019 | 31-03-2020 |
| സിന്ധു. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 17-06-2019 |
| ഇന്ദുജ. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-06-2019 | 29-10-2019 |
| നിസ്സ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രുതി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 15-07-2019 |
| ഡോ. ഷഫ്ന മറിയം | മെഡിക്കൽ ഓഫീസർ ഹോമിയോ | 16-07-2019 | 25-11-2019 |
| ഡോ. പ്രശാന്ത്. എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 26-11-2019 | 31-03-2020 |
| ഡോ. ലീന റാണി | മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം | 01-04-2019 | 31-03-2020 |
| ഷാജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30-10-2019 | 31-03-2020 |
| വിജയലക്ഷ്മി .കെ | ഐ,സി.ഡി,എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| Dr. ആർ. രവിചന്ദ്രൻ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| വി.എസ്. ദിലീപ് | കൃഷി ഓഫീസർ | 01-04-2019 | 15-10-2019 |
| എൻ.ജി. വ്യാസ് | കൃഷി ഓഫീസർ | 16-10-2019 | 31-03-2020 |
| ഡോ. രവിചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഹേമ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jijeesh (Auditor, On 03-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 13-04-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Jijeesh (Auditor, On 08-04-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 13-04-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Jijeesh (Auditor, On 20-03-2021)<br>Last Updated By: Jijeesh (Auditor, On 08-04-2021) | 1-2 |
| 4 | സാമ്പത്തിക നില<br>Written By: Jijeesh (Auditor, On 12-04-2021)<br>Last Updated By: Jijeesh (Auditor, On 12-04-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 19-03-2021)<br>Last Updated By: S. Premanand (Audit Officer, On 12-04-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 12-04-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 06-03-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 12-04-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 26-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 13-04-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 26-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S. Premanand (Audit Officer, On 05-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-9 |
| 11 | തൊഴിൽ നികുതി-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: S. Premanand (Audit Officer, On 09-04-2021) | 1-10 |
| 12 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: Jijeesh (Auditor, On 08-04-2021) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: S. Premanand (Audit Officer, On 12-04-2021) | 1-12 |
| 14 | ലേലം കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: Jijeesh (Auditor, On 08-04-2021) | 1-13 |
| 15 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: Jijeesh (Auditor, On 08-04-2021) | 1-14 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്<br>Written By: Jijeesh (Auditor, On 06-03-2021)<br>Last Updated By: Jijeesh (Auditor, On 12-04-2021) | 1-15 |
| 17 | കാർഷിക മേഖലയിലെ പദ്ധതികൾ - ലക്ഷ്യപ്രാപ്തി വിലയിരുത്തൽ | 1-16 |

| | | |
|---|---|---|
| | Written By: Saritha P (Senior Grade Auditor, On 05-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | |
| 18 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ജനറൽ-പദ്ധതി ലക്ഷ്യത്തിലെത്തിയെത്തിയില്ല<br>Written By: Saritha P (Senior Grade Auditor, On 12-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 13-04-2021) | 1-17 |
| 19 | പദ്ധതിക്കായി വകയിരുത്തിയ തുകകളുടെ വിശദാംശങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 12-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-17-1 |
| 20 | കർഷകർക്ക് പ്രോജക്ടിൽ ലക്ഷ്യമിട്ടതിലും കുറവ് തുക നൽകി<br>Written By: Saritha P (Senior Grade Auditor, On 12-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-17-2 |
| 21 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി - സമയക്രമം പാലിക്കുവാൻ സാധിച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 10-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-18 |
| 22 | പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 22-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 16-04-2021) | 1-18-1 |
| 23 | മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 06-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-19 |
| 24 | KWA യുടെ പൊതു കുടിവെള്ള ടാപ്പുകളിലൂടെയുമുള്ള ശുദ്ധജല വിതരണം-പൊതുടാപ്പുകൾ ഒഴിവാക്കുവാനുള്ള തീരുമാനം നടപ്പാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 10-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-20 |
| 25 | പാലിയേറ്റീവ് പരിചരണ പദ്ധതി - അവലോകനം<br>Written By: S.Sabna Das (Senior Grade Auditor, On 06-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-21 |
| 26 | കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി എ.സി യാക്കൽ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 06-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-22 |
| 27 | എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 14-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-23 |
| 28 | എൽ.ഇ.ഡി ലാമ്പുകളുടെ അറ്റകുറ്റപ്പണികളുടെ ടെണ്ടർ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 22-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-24 |
| 29 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 19-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-25 |
| 30 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 18-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-26 |
| 31 | മാലിന്യസംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 22-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-27 |
| 32 | | 1-28 |

| | | |
|---|---|---|
| | മാലിന്യ സംസ്കരണ പ്ലാന്റിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതി -ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 23-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | |
| 33 | ലൈഫ് പദ്ധതിയുടെ നടത്തിപ്പ്<br>Written By: Saritha P (Senior Grade Auditor, On 20-03-2021)<br>Last Updated By: S. Premanand (Audit Officer, On 05-04-2021) | 1-29 |
| 34 | മരാമത്ത് പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിക്കുമ്പോൾ ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാത്തത്<br>Written By: S. Premanand (Audit Officer, On 23-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-30 |
| 35 | മരാമത്ത് പ്രവൃത്തിയുകെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടില്ല<br>Written By: S. Premanand (Audit Officer, On 26-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 1-31 |
| 36 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി-പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 23-03-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 12-04-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മരാമത്ത് പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിക്കുമ്പോൾ ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാത്തത്<br>Written By: S. Premanand (Audit Officer, On 26-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 3-1 |
| 2 | മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടില്ല<br>Written By: S. Premanand (Audit Officer, On 26-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: S. Premanand (Audit Officer, On 13-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: S. Premanand (Audit Officer, On 05-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: S. Premanand (Audit Officer, On 21-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 04-04-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 26-03-2021)<br>Last Updated By: S. Premanand (Audit Officer, On 13-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 04-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വിവിധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്.

21.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് കമ്മറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല. ബജറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 37,851,427 |
| തൻ വർഷ വരവ് | 228,410,495 |
| ആകെ വരവ് | 266261922 |
| ചെലവ് | 264,081,495 |
| നീക്കിയിരിപ്പ് | 2180427 |

### 1-1-1 ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതിച്ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 26-10-18 ന് സെക്രട്ടറി ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഘടക സ്ഥാപനങ്ങളിലെ മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ, ഐ.സി. ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) എന്നിവർ മാത്രമാണ് ബഡ്ജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ പരിശോധിച്ചതിൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചുചേർക്കുകയോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച തീയതി |
|---|---|---|---|
| 31-7-2020 | 27-7-2020 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 14584349 |
| വരവ് | 95562447 |
| ആകെ | 110146796 |

| | |
|---|---|
| ചെലവ് | 89251829 |
| നീക്കിയിരിപ്പ് | 20894967.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 53673 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 388300 |

## 1-4 ഫണ്ട് വിനിയോഗം

2019-20 വർഷം സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളിൽ ₹35855792/- ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ നഷ്ടമായത് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 22,331,000 | 22,331,000 | 19,907,518 (*) | 2,423,482 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 18,039,730 | 18,039,730 | 7,440,907 (**) | 10,598,823 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 14,64,000 | 14,64,000 | 0 | 1,464,000 |
| സി.എഫ്.സി | 0 | 15,416,800 | 15,416,800 | 4,790,284 | 10,626,516 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 6,362,000 | 6,362,000 | 2,684,801 | 3,677,199 |
| മെയിന്റനൻസ് (റോഡ്) | 0 | 18,019,000 | 18,019,000 | 10,953,228 | 7,065,772 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 451 | 25096474 | 25096925 | 25094996 | 1929 |
| ഐ.സി.ഡി.എസ് | 1231282 | 899932 | 2131214 | 1331426 | 799788 |

(*) വാർഷിക കണക്ക് പ്രകാരം 18069283 രൂപയാണ് ഈ ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 1838235 രൂപ ജി.ഒ പ്രോജക്റ്റിനായി അലോട്ട്മെന്റിൽ നിന്നും നേരിട്ട് കുറവ് ചെയ്തിട്ടുള്ളതാണ്.
(**) വാർഷിക കണക്ക് പ്രകാരം 7294118 രൂപയാണ് ഈ ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 146789 രൂപ ജി.ഒ പ്രോജക്റ്റിനായി അലോട്ട്മെന്റിൽ നിന്നും നേരിട്ട് കുറവ് ചെയ്തിട്ടുള്ളതാണ്.

ഗ്രാന്റിനത്തിൽ അനുവദിക്കുന്ന തുകകൾ അതാത് വർഷം തന്നെ ചെലഴിക്കുന്നില്ലെങ്കിൽ അത് നഷ്ടപ്പെടുന്ന രീതിയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന മൂന്നരക്കോടിയിലധികം വരുന്ന തുകയാണ് ഗ്രാമപഞ്ചായത്തിന് നഷ്ടമായിരിക്കുന്നത് (ഗ്രാന്റിനത്തിൽ മാത്രം 35855792 രൂപ). ഇത് ആവർത്തിക്കാതിരിക്കാൻ 2.12.2016ലെ സ.ഉ(സാധാ)നം.3291/2016/ത.സ്വ.ഭ.വ പ്രകാരം സമയക്രമം പാലിച്ചുകൊണ്ട് നവംബർ 1 മുതൽ തന്നെ അടുത്ത വർഷത്തേക്കുള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2019-20 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അംഗീകാരം ലഭിച്ചത്(എണ്ണം) | 220 |
| തൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | 121 |
| നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം | 55 |
| തൻ വർഷം പൂർത്തീകരിച്ചിട്ടും തുക ചെലവഴിക്കാനാവാത്തവയുടെ എണ്ണം | 22 |
| ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | 28 |
| നടപ്പാക്കാതെ ഉപേക്ഷിച്ച പ്രൊജക്ടുകളുടെ എണ്ണം | 8 |
| പദ്ധതി അടങ്കൽ | 189526612 |
| പദ്ധതി ചെലവ് | 70886594 |
| ചെലവ് ശതമാനം | 37.4 |

നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് നടപ്പാക്കിയതിന്റെ വിവരം.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 20850180 | 8998357 | 43.16 |
| വെറ്ററിനറി സർജൻ | 5 | 5 | 2700000 | 1096618 | 40.62 |
| മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 8 | 8 | 916619 | 736626 | 80.36 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 1000000 | 1000000 | 100 |
| വി.ഇ.ഒ. | 4 | 2 | 64338780 | 20300000 | 31.55 |
| വി.ഇ.ഒ.2 | 3 | 2 | 14464000 | 1700000 | 11.75 |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | 10 | 7 | 12080520 | 5108882 | 42.29 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 34 | 24 | 14061548 | 9130939 | 64.94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 147 | 66 | 55105965 | 20229041 | 36.71 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 3709000 | 2286131 | 61.64 |
| ആകെ | 220 | 121 | 189526612 | 70886594 | 37.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 451 | 981504 | 981955 | 980026 | 1929 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 23981970 | 23981970 | 23981970 | - |
| സംസ്ഥാന ഗവൺമെന്റിന്റെ ഓണം ഉത്സവബത്ത | - | 133000 | 133000 | 133000 | - |

കുറിപ്പ് – രജിസ്റ്റർ പ്രകാരം യഥാർത്ഥ ചെലവ് (ഉത്സവബത്ത ഒഴികെ) 24961996 രൂപയാണ്. വാർഷിക കണക്കുകൾ പ്രകാരം 26074140 രൂപയാണ് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്.

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 4880 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 600 പദ്ധതികളിൽ 220 എണ്ണം നടപ്പാക്കി. ഇതിൽ 171 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | 24 |
| ചെറുകിട ജലസേചനം | 111 |
| പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 12 |
| പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 8 |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ | 65 |

സ്ഥിര ആസ്തികളൊന്നും തന്നെ തൻവർഷം സൃഷ്ടിക്കപ്പെട്ടിട്ടില്ല. ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കാൻ ലക്ഷ്യമിട്ട 151580000 രൂപയുടെ 16.47 ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 4880 കുടുംബങ്ങളിൽ 2486 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. ഇതിൽ 100 ദിനങ്ങൾ തൊഴിൽ ലഭിച്ചത് 54 കുടുംബങ്ങൾക്ക് മാത്രമാണ്. അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40800 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 4195200 | 709 |
| വിധവാപെൻഷൻ | 8691600 | 1568 |
| വാർദ്ധക്യകാലപെൻഷൻ | 11053800 | 2097 |
| വികലാംഗപെൻഷൻ | 1734,600 | 337 |
| അവിവാഹിത പെൻഷൻ | 662,400 | 120 |
| വിവാഹ ധനസഹായം | 300,000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18259രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തി വിവിധ മേഖലകളിലെ പ്രവർത്തനമികവും കൂടുതലായി ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും പരിഷ്കാരവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ബഡ്ജറ്റിൽ ചെലവിനങ്ങൾക്ക് ആവശ്യത്തിന് തുക വകയിരുത്തിയിട്ടുണ്ട്. 2019-20 വർഷത്തേക്ക് റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ബഡ്ജറ്റിൽ നീക്കി വെച്ച തുകയേക്കാൾ അധികരിച്ച ചെലവുകൾ വേണ്ടിവരാത്തതിനാൽ പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. മൂന്ന് ഫയർ എക്സ്റ്റിംഗ്യൂഷറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. മാനുവൽ രസീതികൾ ഉപയോഗിക്കുമ്പോൾ ക്ലാർക്കുമാരുടെ കളക്ഷൻ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. മറ്റ് മേലുദ്യോഗസ്ഥർ വരവു തുകയുടെ കൃത്യതയോ സമയബന്ധിതമായ അടവോ പരിശോധിക്കുന്നില്ല.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്വേറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2019-20ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2019-20ൽ വസ്തു നികുതിയുടെ 95.5% പിരിച്ചെടുത്തു. ജീവനക്കാരുടെ കൂട്ടായ ശ്രമത്തിലൂടെ 100% നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2019-20ൽ കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടില്ല. ഫോട്ടോസ്റ്റാറ്റ് മെഷീനു മാത്രമാണ് AMC ഏർപ്പെടുത്തിയത്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

2018-19 വർഷം വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അപ്പോൾ തന്നെ കാലികമാക്കണം. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്. 2019-20 വർഷം നടത്തപ്പെട്ട ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുന്നവരിൽ 99% സ്ത്രീകളാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹3,58,55,792/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

### എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ | വാർഡ്/ കെട്ടിട | അർദ്ധ വർഷം |
|---|---|---|---|---|

| | | എണ്ണം | നം. | |
|---|---|---|---|---|
| 1 | പാലക്കാട് പാഡി ഫാമേഴ്സ് പ്രൊഡ്യൂസർ കമ്പനി | 4 | - | 1 & 2 |
| 2 | ലിയോ എക്സ്പോർട്സ് | 12 | 16/535, 539 | 1 & 2 |
| 3 | ജാസ്സ് മോട്ടേഴ്സ് | 4 | 10/725 | 1 & 2 |
| 4 | തൃശ്ശൂർ ഗോൾഡ് സെന്റർ | 4 | 3/920, 922, 923 | 1 & 2 |
| 5 | ഇന്ത്യൻ ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 | 3/1036 | 1 & 2 |
| 6 | മാവേലി സ്റ്റോർ | 4 | 2/175 | 1 & 2 |
| 7 | എസ്.കെ പാക്കേജ്ഡ് ഡ്രിങ്കിങ് വാട്ടർ | 5 | 5/543 | 1 & 2 |
| 8 | കൊല്ലങ്കോട് ക്ഷീര വ്യവസായ സംഘം | 11 | 2/358 | 1 & 2 |
| 9 | പി എസ് ടി ഫ്യൂവൽ | 4 | 11/573 | 1 & 2 |
| 10 | എസ് ജെ എ ഫ്യൂവൽസ് | 8 | 2/165 | 1 & 2 |
| 11 | ഐശ്വര്യ ബ്രിക്ക്സ് | 20 | 9/729 | 1 & 2 |
| 12 | നട്സ് സ്പെയ്സ് ഇന്ത്യ പ്രൈ ലിമിറ്റഡ് | 18 | 14/495 | 1 & 2 |
| 13 | എസ് പി കെ പ്രിന്റേഴ്സ് | 6 | 11-306-307 | 1 & 2 |
| 14 | എം എസ് ഡിസൈനേഴ്സ് | 7 | 6/717 | 1 & 2 |
| 15 | സൂരജ് അഗ്രോമിൽ പ്രൈവറ്റ് ലിമിറ്റഡ് | 8 | 15/16 | 1 & 2 |
| 16 | അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്ക് | 7 | 2/237 | 1 & 2 |
| 17 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 9 | 2/181 | 1 & 2 |
| 18 | സത്യഭാമ ഫ്യൂവൽസ് | 6 | 2/2 | 1 & 2 |
| 19 | എം എ ഓട്ടോ ഗ്യാരേജ് | 5 | 18/271 | 1 & 2 |
| 20 | സൗത്ത് ഇന്ത്യൻ ബാങ്ക് | - | - | 2 |
| 21 | സെന്റ് പോൾസ്, എച്ച് എസ് എസ്, കൊല്ലങ്കോട് | - | - | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്തുമായി 2019-20 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | എറ്റെടുത്ത മരാമത്ത് പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | പ്രസാദ്.കെ.വി | 16 |
| 2 | പൊന്നൻ.കെ | 6 |
| 3 | ഇബ്രാഹിം കുട്ടി | 7 |
| 4 | മോഹൻദാസ്. കെ.വി | 6 |
| 5 | ഭാസ്കരൻ.സി | 16 |
| 6 | അർജ്ജുനൻ. പി.എൻ | 3 |
| 7 | ഹരിദാസ്. ആർ | 14 |
| 8 | ശിവൻ. ടി | 6 |
| 9 | മൊഹമ്മദ് മൊയ്ദീൻ | 2 |
| 10 | മുരുകേശൻ. ആർ | 8 |

സി) അർദ്ധ വാർഷികവരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ (തസ്തിക) | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കാവുന്നത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം, കൊല്ലങ്കോട് | രാമദാസ്.എം (ഹോസ്പിറ്റൽ അറ്റൻഡർ) | 1 | 124800 | 1000 | 750 | 250 |
| 2 | എൻ സി ഇ ഇ പ്രേരക്, കൊല്ലങ്കോട് ബ്ലോക്ക് | ബിന്ദു. എം | 1 | 90,000 | 750 | 650 | 150 |
| 3 | പൂരം ഫിൻസേർവ്വ് | സുനിൽകുമാർ.കെ (ബ്രാഞ്ച് മാനേജർ) | 1 | 90000 | 750 | 600 | 150 |
| | | മധുകുമാർ. വി (CRE) | 1 | 75000 | 750 | 500 | 250 |

| | | | | | | | 800 |
|---|---|---|---|---|---|---|---|

കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് അന്വേഷണം നം 8/1-3-21)

1-11 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| സുശീല, എസ്.വി സ്ട്രീറ്റ്, കൊല്ലങ്കോട് | 11/941 | 106 | അടിസ്ഥാനനികുതി-106*40=4240<br>വർദ്ധനവ്-848(20%)<br>ആകെ-5088<br>ലൈബ്രറി സെസ്-255<br>ആകെ-5343 | അടിസ്ഥാനനികുതി-106*60=6360<br>വർദ്ധനവ്-1272(20%)<br>ആകെ-7632<br>ലൈബ്രറി സെസ്-382<br>ആകെ-8014 | 2671 |
| | | | ആകെ കുറവ് | | 2671 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-11/1-3-2021 ന് മറുപടിയായി സ്ഥല പരിശോധന നടത്തി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി നിലനിൽക്കുന്നു.

| ക്രമ നം. | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 11/261 | റിലയൻസ് | 6930 | 703 |
| 2 | 11/268 | എയർസെൽ | 10080 | 31505 |
| 3 | 9/213 | ബി എസ് എൻ എൽ | 6930 | 48509 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-11(1-3-2021) ന് മറുപടിയായി എയർസെൽ ടവറിന്റെ 2016-17 മുതൽ 2019-20 വരെയുള്ള കുടിശ്ശിക തുകയായ 31,505/- രൂപയും ബി എസ് എൻ എൽ ടവറിന്റെ 2013-14 മുതൽ 2019-20 വരെയുള്ള കുടിശ്ശിക തുകയായ 48,509/- ഈടാക്കുന്നതിനു വേണ്ടി റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം-11(1-3-21). തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വസ്തു നികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷാവസാനത്തിൽ നില നിൽക്കുന്ന വസ്തു നികുതിയുടെ കുടിശ്ശിക (സഞ്ചയയിൽ ലഭ്യമായത്) വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | ഗാർഹികം(തൻവർഷം) | 61,148 |
| 2 | ഗാർഹികം(കുടിശ്ശിക) | 14,647 |
| 3 | ഗാർഹികേതരം(തൻവർഷം) | 2,13,601 |
| 4 | ഗാർഹികേതരം(കുടിശ്ശിക) | 5,46,708 |
| | | 8,36,104/- |

കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിക്കേണ്ടതാണ്.

## 1-13 ലേലം കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം വിവിധ ഇനങ്ങളിൽ നടത്തിയ ലേലങ്ങൾ പ്രകാരം താഴെ പറയുന്ന വിധം കുടിശ്ശിക ഉണ്ടായതായി കാണുന്നു.

| ക്രമ നം. | ഇനം | 2019-20 വർഷത്തെ വരവ്(കുടിശ്ശിക ഉൾപ്പെടെ) | തൻവർഷ കുടിശ്ശിക | മുൻവർഷത്തെ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | മാർക്കറ്റ് വരവ് | 53,978 | 24,621 | 10,476 | 35,097 |
| 2 | ബസ് സ്റ്റാന്റ് വരവ് | 52,500 | | 2,456 | 2,456 |
| 3 | കംഫർട്ട് സ്റ്റേഷൻ വരവ് | 1,000 | 20,375 | 42,000 | 62,375 |
| | | ആകെ | | | 99,928/- |

കുടിശ്ശിക തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം-12(1-3-2021) ന് മറുപടിയായി മാർക്കറ്റിന്റെ തൻവർഷ കുടിശ്ശികയായ 24,621/- രൂപ ഈടാക്കി വിശദാംശങ്ങൾ അറിയിക്കുന്നതാണെന്നും മുൻവർഷ കുടിശ്ശിക ഈടാക്കുവാനായി ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റ് വരവിലെ കുടിശ്ശികയായ 2,456/- രൂപ, കംഫർട്ട് സ്റ്റേഷൻ വരവ് കുടിശ്ശിക 62,375/- രൂപ എന്നിവ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10, 1-3-2021) മറുപടിയായി 13-11-19 ലെ ബി2/1619/2019 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുവാനുള്ള അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 4,36,171 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 1,16,977 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 49,272 |

| | | |
|---|---|---|
| 4 | കോൺട്രാക്റ്റേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 23,325 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 66,336 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5,12,092 |
| 7 | റിറ്റൻഷൻ | 1,18,808 |
| 8 | മറ്റ് ഡെപ്പോസിറ്റുകൾ | 39,640 |
| 9 | റെന്റ് ഡെപ്പോസിറ്റ് | 1,26,688 |
| 10 | ഓക്ഷൻ ഡെപ്പോസിറ്റ് | 2,500 |
| 11 | ലൈബ്രറി ഡെപ്പോസിറ്റ് | 2,300 |
| 12 | മറ്റ് ഡെപ്പോസിറ്റ് വരവുകൾ | 22,500 |
| 13 | മറ്റുള്ളവരിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ | 1,000 |
| | ആകെ | 15,17,609 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് തുകകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങളോ സംക്ഷിപ്തമോ ചേർക്കാത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കാർഷിക മേഖലയിലെ പദ്ധതികൾ - ലക്ഷ്യപ്രാപ്തി വിലയിരുത്തൽ

ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖലയുടെ സ്വയം പര്യാപ്തത എന്നതാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം. തനതു കാർഷിക സവിശേഷതകൾ നിറഞ്ഞ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ മേഖലകളും ആണ്. 2019-20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമപഞ്ചായത്തിലെ കാർഷികമേഖലയുടെ വികാസത്തിനായി എത്രത്തോളം സഹായകരമായി എന്ന് വിലയിരുത്തുന്നതിനും ഈ പഞ്ചവത്സരപദ്ധതിക്കാലയളവിൽ ഇതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യോത്പാദനത്തിലെ സ്വയം പര്യാപ്തത, വിള വിസ്തൃതി വർദ്ധിപ്പിക്കൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കർഷകന് പരമാവധി വരുമാനം തുടങ്ങിയ വികസനലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പതിമൂന്നാം പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

പതിമൂന്നാം പഞ്ചവത്സരക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ, കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, വിവിധ ഗ്രാന്റുകളും ഫണ്ടുകളും ലഭ്യമായതിന്റെ രേഖകൾ, പ്രോജക്ട് ഫയൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി ഓഫീസർ എന്നിവരുമായി നേരിൽ സംസാരിച്ച് ലഭ്യമായ വിവരങ്ങൾ, നേരിട്ടും അല്ലാതെയും ശേഖരിച്ച മറ്റു വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്.

ഭൂവിനിയോഗം - അടിസ്ഥാനവിവരങ്ങൾ

കൃഷി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാനവിവര രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളത് 4880.46 ഹെക്ടർ സ്ഥലമാണ്. ഇതിൽ 1850 ഹെക്ടർ സ്ഥലം കൃഷിക്ക് അനുയോജ്യമാണ്. 1200 ഹെക്ടറാണ് നെൽകൃഷിക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. 20 പാടശേഖര സമിതികളിലായി രജിസ്റ്റർ ചെയ്ത 1353 നെൽകർഷകരാണ് ഉള്ളത്. തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവയും ചെറിയ തോതിൽ കൃഷി ചെയ്യുന്നുണ്ട്. 75 ഹെക്ടർ സ്ഥലം തരിശു ഭൂമിയാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് - വികസനലക്ഷ്യങ്ങൾ

ഭക്ഷ്യോത്പാദനത്തിലെ സ്വയം പര്യാപ്തതയാണ് വികസനലക്ഷ്യം ആയി നിശ്ചയിച്ചിട്ടുള്ളത്. വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിലൂടെയാണ് ലക്ഷ്യം നേടാനുദ്ദേശിക്കുന്നത്. 2017-18 മുതൽ 2019-20 വരെയുള്ള പദ്ധതിക്കാലയളവുകളിൽ നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതി മാത്രമാണ് കാർഷിക മേഖലയിൽ നടപ്പിലാക്കിയിരിക്കുന്നത്.

തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം, ഓഡിറ്റ് നിരീക്ഷണങ്ങൾ

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി ജനറൽ, എസ്.സി വിഭാഗങ്ങളിലായി രണ്ട് പ്രോജക്ടുകളാണ് ഈ വർഷം നടപ്പിലാക്കിയിട്ടുള്ളത്. 20 പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്ത 1353 കർഷകർക്ക് ഹെക്ടറിന് 17000 രൂപ വീതം ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് പദ്ധതികളിലൂടെ ലക്ഷ്യമിട്ടത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഹെക്ടറിന് 250 രൂപ നിരക്കിൽ വിള ഇൻഷ്വറൻസ് ഗുണഭോക്താക്കൾ നേരിട്ട് അടവാക്കിയിട്ടുണ്ട്. ഹെക്ടറിന് 17000 വീതം നൽകുന്നതിന് പ്രോജക്ട് ലക്ഷ്യമിട്ടതെങ്കിലും 11507 രൂപ വീതമാണ് നൽകുവാൻ കഴിഞ്ഞിട്ടുള്ളത്. ജില്ലാ, ബ്ലോക്ക് ഷെയറുകൾ പ്രകാരം വകയിരുത്തിയ മുഴുവൻ തുകകളും ലഭ്യമാക്കുന്നതിനും സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ പദ്ധതികളാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പദ്ധതി ഫണ്ടിൽ നിന്നും 8500 രൂപ വീതം ഉഴവുകൂലിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, രണ്ടാംവിളയിൽ ജലക്ഷാമം നേരിടുന്ന ഭാഗങ്ങളിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുക, ട്രൈക്കോഡെർമ കാർഡുകൾ നൽകുക, തുടങ്ങിയ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്ന

വന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും കാർഷിക മേഖലയുടെ വികാസം പ്രധാന വിഷയമായി ഉയർന്ന് വന്നിട്ടില്ല. ജൈവപച്ചക്കറി കൃഷി, പുഷ്പ കൃഷി, പയറു വർഗ്ഗ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് 2019-20 വർഷം ലഭിച്ച പ്ലാൻ ഫണ്ട് പൊതുവിഭാഗം തുകയിൽ 2400000 രൂപയിൽ അധികം തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാതെ നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിലും കർഷകർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനോ മതിയായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം. 9/1.03.21 )

നിർവ്വഹണാധികാരികളോടും ഉദ്യോഗസ്ഥരോടും നേരിൽ സംസാരിച്ചതിന്റെ വിവരങ്ങൾ

തെങ്ങ്, മാവ്, വാഴ, നിലക്കടല, തുടങ്ങി വിവിധ കാർഷിക ഇനങ്ങൾ ഗ്രാമപഞ്ചായത്തിൽ കൃഷി ചെയ്യുന്നതായും നെല്ലിനും നിലക്കടലയ്ക്കും തെങ്ങിനും വകുപ്പുതല പദ്ധതികളിൽ നിന്നും ധനസഹായം ലഭ്യമായിട്ടുള്ളതായും കൃഷി ഓഫീസർ അറിയിച്ചു. പ്ലാൻഫണ്ട് വകയിരുത്തുന്നതിലെ അപര്യാപ്തത, കാലാവസ്ഥാ പ്രശ്നങ്ങൾ, മനുഷ്യവിഭവശേഷി ദൗർലഭ്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, തുടങ്ങിയവ പ്രധാന പ്രശ്നങ്ങളായി ചൂണ്ടിക്കാട്ടി. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തരിശായിക്കിടന്ന 75ഹെക്ടറിൽ നിലവിൽ 7 ഹെക്ടർ നെൽകൃഷിയും 5.5 ഹെക്ടർ പച്ചക്കറി കൃഷിയും ചെയ്തിട്ടുള്ളതായി കൃഷി ഓഫീസർ അറിയിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരുമായി നടത്തിയ കൂടിക്കാഴ്ചയിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ നിലവിൽ പരിഹരിച്ചു വരുന്നതായി അറിയിച്ചു. ചുള്ളിയാർ, മീങ്കര ഡാമുകളാണ് ഗ്രാമപഞ്ചായത്ത് കൃഷിക്കായി ഉപയോഗിക്കുന്ന പ്രധാന ജലസ്രോതസ്സ്. ഡാമുകളിൽ നിന്നുള്ള ജലവിതരണത്തിലെ അശാസ്ത്രീയത കൃഷിയെ പ്രതികൂലമായി ബാധിക്കുന്നതായി പ്രസിഡന്റ് അഭിപ്രായപ്പെട്ടു. കുഴൽക്കിണറുകളുടെ നിർമ്മാണം പരമാവധി കുറച്ചു കൊണ്ടുവരുന്നതും തുറന്ന കിണറുകൾ പുതുതായി നിർമ്മിച്ചു കൊണ്ടും ഭൂഗർഭജലം സംരക്ഷിക്കുന്നതിനും അതു വഴി ജലദൗർലഭ്യത്തിനു പരിഹാരം കാണുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായും കൂടാതെ സ്പിൽ ഓവർ വരാത്ത രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും പദ്ധതിപ്രവർത്തനങ്ങളുടെ തുടർച്ചയായ മോണിറ്ററിംഗ് ഉറപ്പാക്കുന്നതിനും ശ്രമിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അധ്യക്ഷൻ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പരിസ്ഥിതി സുരക്ഷയോടൊപ്പം നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖലയിലെ സ്വയംപര്യാപ്തത, എന്ന ലക്ഷ്യത്തോടെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഹരിതകേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ചു കൊണ്ട് നീർത്തടപരിപാലന സമീപനത്തോടു കൂടിയാവണം കാർഷികമേഖലയിലെ പദ്ധതികൾ. മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ള ഒരു സമൂഹം രൂപപ്പെടുത്താനുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കേണ്ടതാണ്.

2) വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ പദ്ധതികളാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംയുക്തപ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും നെൽക്കർഷകർക്ക് പരമാവധി സബ്സിഡി തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഏറ്റവും അർഹരായ കർഷകർക്ക് കൃഷി ചെയ്യുന്ന ഭൂമിയുടെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകേണ്ടതാണ്. പദ്ധതിഫണ്ടുകൾ നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
കാർഷിക മേഖലയിലെ തുടർ പ്രവർത്തനങ്ങളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ജനറൽ-പദ്ധതി ലക്ഷ്യത്തിലെത്തിയെത്തിയില്ല

പ്രോജക്ട് നം 14/20-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ജനറൽ

ആകെ 882.35 ഹെക്ടർ കൃഷിഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി 20 പാടശേഖര സമിതികളിലായി രജിസ്റ്റർ ചെയ്ത 1353 കർഷകർക്ക് ഹെക്ടറിന് 17000 രൂപ വീതം ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഹെക്ടറിന് 250 രൂ നിരക്കിൽ വിള ഇൻഷ്വറൻസ് നേരിട്ട് ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ലക്ഷ്യമിട്ടതു പോലെ മുഴുവൻ തുകയും കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയ തുക മുഴുവനായും ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടില്ല.

### 1-17-1 പദ്ധതിക്കായി വകയിരുത്തിയ തുകകളുടെ വിശദാംശങ്ങൾ

| ഗ്രാമപഞ്ചായത്ത് വിഹിതം | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | ജില്ലാ പഞ്ചായത്ത് വിഹിതം | | |
|---|---|---|---|---|---|---|---|---|
| വകയിരു | ലഭ്യ | റിമാർക്സ് | വകയിരു | ലഭ്യ | റിമാ | വകയി | ലഭ്യ | റിമാ |

| ത്തിയത് | മായത് | | ത്തിയത് | മായത് | ർക്കസ് | രുത്തി യത് | മായത് | ർക്കസ് |
|---|---|---|---|---|---|---|---|---|
| 7499975 (പ്ലാൻ ഫണ്ട് ജനറൽ) | 6560018 | 939957 രൂപ കൂബിൽ ആയതിനെ ത്തുടർന്ന് 2020 ഏപ്രിൽ മാസത്തിലാണ് മാറിയിട്ടുള്ളത്. | 3088225 | 2127945 | - | 4411750 | 2865158 | 2823520 രൂപ കൂബിൽ ആയതിനെ ത്തുടർന്ന് 2020 ഏപ്രിൽ മാസത്തിലാണ് മാറിയിട്ടുള്ളത്. |

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയ മുഴുവൻ തുകയും ലഭ്യമായിട്ടില്ല

മറ്റ് ഏജൻസികൾ മുഖേന വകയിരുത്തിയ മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണം നം.9/01.03.21 പ്രകാരം ഈ വിവരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനു മുമ്പ് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുണ്ടെന്നും ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ വകയിരുത്തിയതിലും കുറവ് തുകയാണ് എപ്പോഴും ലഭിക്കാറുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മറ്റ് ഏജൻസികൾ മുഖേന വകയിരുത്തിയ മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17-2 കർഷകർക്ക് പ്രോജക്ടിൽ ലക്ഷ്യമിട്ടതിലും കുറവ് തുക നൽകി

882.35 ഹെക്ടറിന് 17000 രൂപ നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും ചെലവ് രേഖകൾ പ്രകാരം ഒരു ഹെക്ടറിന് 11507 രൂപ വച്ച് 1085.29 ഹെക്ടർ കൃഷിക്ക് തുക നൽകിയിട്ടുള്ളതായി കണ്ടെത്തി. പ്രോജക്ടിലും ഗ്രാമ, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രകാരമുള്ള എല്ലാ രേഖകളിലും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരവും 882.35 ഹെക്ടറിന് ആനുപാതികമായ തുകയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ബില്ലിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയും കൃഷി ചെയ്ത ഭൂമിയുടെ അളവും ഒത്തു നോക്കി പരിശോധിക്കുമ്പോൾ കൂടുതൽ അളവ് കൃഷിക്കായി തുക അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. എന്നാൽ പ്രോജക്ട് ആയതു പ്രകാരം റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

| ലഭ്യമായ ഗ്രാമപഞ്ചായത്ത് വിഹിതം-7499975 | | ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2127945 | | ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം- 2865158 | |
|---|---|---|---|---|---|
| പ്രോജക്ട് പ്രകാരം ഹെക്ടറിന് വകയിരുത്തിയത് | യഥാർത്ഥത്തിൽ നൽകിയത് | പ്രോജക്ട് പ്രകാരം ഹെക്ടറിന് വകയിരുത്തിയത് | യഥാർത്ഥത്തിൽ നൽകിയത് | പ്രോജക്ട് പ്രകാരം ഹെക്ടറിന് വകയിരുത്തിയത് | യഥാർത്ഥത്തിൽ നൽകിയത് |
| 8500 | 6907 | 5000 | 1960 | 3500 | 2640 |

ഓഡിറ്റ് അന്വേഷണം നം.9/01.03.21 പ്രകാരം ഈ വിവരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്ന ഭൂപരിധി കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഏറിയും കുറഞ്ഞും ഇരിക്കുന്നതായും ഈ വർഷം കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച തുക വീതിച്ച് നൽകുകയാണ് ചെയ്തതെന്നും കൃഷി ഓഫീസർ അറിയിച്ചു. 882.35 ഹെക്ടറിന് 17000 രൂപ നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും 1085.29 ഹെക്ടർ കൃഷി ചെയ്തിട്ടുള്ളതിനാൽ ആയതിന് ആനുപാതികമായി അനുവദിച്ച തുക വീതിച്ച് നൽകുകയാണ് ചെയ്തത്. എന്നാൽ ഇപ്രകാരം ചെയ്യുന്നതിന് പ്രോജക്ടിൽ ഭേദഗതി വരുത്തണമെന്നതിനെക്കുറിച്ച് അറിയില്ലായിരുന്നു എന്നും കൃഷി ഓഫീസർ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കർഷകർക്കും അർഹമായ പരമാവധി തുകയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനും അപ്രകാരം നിർവ്വഹണം നടത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

കേരള സംസ്ഥാന ബജറ്റിൽ 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിനായി അനുവദിച്ച നൽകിയ പൊതുവിഭാഗം പ്ലാൻ ഫണ്ട് തുകയിൽ 24,00,000 ൽ അധികം തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാതെ നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിലും കർഷകർക്ക് അർഹമായ ധനസഹായം നൽകാൻ കഴിയാത്തതിലേക്ക് ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി - സമയക്രമം പാലിക്കുവാൻ സാധിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം.227/20
അടങ്കൽ-1909000 (വികസന ഫണ്ട്-1907000, തനത് ഫണ്ട്-2000)

ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പദ്ധതി ആവിഷകരിച്ചിട്ടുള്ളത്. കെൽട്രോൺ മുഖേന കേരള സ്റ്റേറ്റ് ഐ ടി മിഷനിൽനിന്നും 22703 രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 77 ലാപ്ടോപ്പുകളാണ് വാങ്ങിയത്.

| ബിൽ നം. | തുക | ഇൻവോയിസ് നം. | ലാപ്ടോപ്പുകളുടെ എണ്ണം |
|---|---|---|---|
| 6/17.3.20 | 454060 | ITP/03686/20-21,30.9.20 | 20 |
| 7/17.3.2020 | 454060 | ITP/04048/20-21,13.10.20 | 20 |
| 8/17.3.2020 | 454060 | ITP/03687/20-21,30.9.20 | 20 |
| 9/17.3.2020 | 385951 | ITP/04101/20-21,14.10.20 | 17 |
| ആകെ | 1748131 | | 77 |

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്ടോപ്പ് അനുവദിച്ചു

അർഹതാ രേഖകൾ പ്രകാരം 2018-19 വർഷത്തിൽ ഫൈനൽ ഇയറിനു പഠിച്ചിരുന്ന വിദ്യർത്ഥികൾക്കും 2019-20 വർഷത്തിൽ അവസാനവർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകിയിരിക്കുന്നു. ഇൻവോയിസുകൾ പരിശോധിക്കുമ്പോൾ 2020-21 വർഷത്തിൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ഉദ്ദ്യേശ ലക്ഷ്യം പൂർണ്ണമാകുന്നില്ല. വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | പഠന വർഷം |
|---|---|---|
| സംഗീത | ബി എ(സംസ്കൃതം) | 2018-19 ൽ ഡിഗ്രി പൂർത്തീകരിച്ചു |
| ലേഖ | ബി എ സോഷ്യോളജി | 2018-19 ൽ ഡിഗ്രി പൂർത്തീകരിച്ചു |
| ബീന.സി | ബി എ (ഇക്കണോമിക്സ്) | 2019-20 ൽ അവസാന വർഷം |
| സൗമ്യചന്ദ്രൻ | ബി എ (ഹിസ്റ്ററി) | 2019-20 ൽ അവസാന വർഷം |
| സൂര്യ എസ് | ബി എ | 2018-19 ൽ പൂർത്തീകരിച്ചു |
| സുസ്മിത.എസ് | ബി എ | 2019-20 ൽ അവസാന വർഷം |
| ആതിര മണികണ്ഠൻ | ബി എ | 2020 ൽ അവസാന വർഷം |
| അഞ്ജലി സുന്ദരൻ | ബി എസ് സി | 2019-20 ൽ അവസാന |

| | | |
|---|---|---|
| | | വർഷം |
| സനേഷ് | ബി ബി എ | 2019-20 ൽ അവസാന വർഷം |
| സുചിത്ര.എ | ബി കോം | 2019-20 ൽ അവസാന വർഷം |
| സുചിത് കണ്ണൻ | ബി എ | 2019-20 ൽ അവസാന വർഷം |
| അശ്വതി ബേബി | ബി എ | 2019-20 ൽ അവസാന വർഷം |
| വിസ്മയ.വി | ബി എ | 2019-20 ൽ അവസാന വർഷം |
| സംഗീത എം | ജനറൽ നഴ്സിംഗ് | 2019-20 ൽ അവസാന വർഷം |

മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ തുടർന്നു പഠിച്ചിട്ടുണ്ടെങ്കിൽ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. കോഴ്സ് നടന്നുകൊണ്ടിരിക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുമായിരുന്നു.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/25.2.2021) 2019-20 വർഷം നടപ്പിലാക്കുവാൻ ആവിഷ്കരിച്ച പദ്ധതിയുടെ ഗുണഭോക്താക്കൾ അപേക്ഷാവേളയിൽ വിവിധ കോഴ്സുകളിൽ പഠിതാക്കൾ ആയിരുന്നുവെന്നും സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേന, ലോപ്ടോപ്പുകൾക്ക് സപ്ലൈ ഓർഡർ നൽകിയെങ്കിലും ഏതാണ്ട് 10 മാസങ്ങൾ കഴിഞ്ഞ ശേഷമാണ് ലഭ്യമായതെന്നും ആയതിനാലാണ് കാലതാമസം ഉണ്ടായതെന്നും അറിയിച്ചു. Cprcs മുഖേന ലാപ്ടോപ് ലഭ്യമാക്കുന്നതിൽ ഒരു മാസത്തിലധികം കാലതാമസം ഉണ്ടാവുകയാണെങ്കിൽ മറ്റ് രീതിയിലൂടെ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

<u>1-18-1 പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല</u>

ലാപ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹതാരേഖകൾ പരിശോധിച്ചതിൽ പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.22/തസ്വഭവ, തീയതി 14.2.2018 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.2.9 പ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമാണ് ആനുകൂല്യങ്ങൾ നൽകാവുന്നത്. പാരലൽ കേളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| ദിവ്യ.എ ചാത്തൻചിറ പയ്യലൂർ | ബി എ | ഗുരുകുലം കോളേജ് & കമ്പ്യൂട്ടർ സെന്റർ |
| ബീന.സി ചെങ്ങൻപൊറ്റ കൊല്ലങ്കോട് | ബി എ | ഗുരുകുലം കോളേജ് & കമ്പ്യൂട്ടർ സെന്റർ |
| സൗമ്യചന്ദ്രൻ ചുട്ടിച്ചിറ, കൊല്ലങ്കോട് | ബി എ | ഉദയം കോളേജ്, പുതുനഗരം |
| രേഷ്മ.കെ ചാത്തൻപാറ പയ്യലൂർ | ബി.കോം | എം ഇ എസ് വിമൻസ് കോളേജ്, പാലക്കാട് |
| സജിനി ആണ്ടികളമ്പ് ആനമാറി | ബി എ | ഉദയം കോളേജ്, പുതുനഗരം |

| | | |
|---|---|---|
| സുസ്മിത.എസ് ചെറ്റാറ, കൊല്ലങ്കോട് | ബി.എ | ജയമാത കോളേജ്, പാലക്കാട് |
| അഞ്ജിത ആറുമുഖൻ ചീരണി, കൊല്ലങ്കോട് | ബി.എ | ഉദയം കോളേജ്, പുതുനഗരം |
| സുചിത്ര.എ മേലേചീരണി പയ്യലൂർ | ബി കോം | ജയമാത കോളേജ് |
| നമിത.കെ ചന്ദ്രിക നിവാസ് വിവേകാനന്ദ നഗർ | ബി എ | ഗുരുകുലം കോളേജ് & കമ്പ്യൂട്ടർ സെൻ്റർ |
| വിസ്മയ.വി കിഴക്കേകുതിരമൂളി നെൻമേനി | ബി.എ | എം ഇ എസ് വിമൻസ് കോളേജ്, പാലക്കാട് |

രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കുവാൻ എൻക്വയറി പ്രകാരം ( 4/25.2.2021) ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ എല്ലാ നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-19 മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിന്റെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമമാണോ എന്ന് വിലയിരുത്തുന്നതിനായി ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, പ്രതിമാസ ബില്ലുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. മീറ്ററിനു കീഴിലുള്ള ലാമ്പുകളുടെ വിവരം

പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കുള്ള ഓരോ മീറ്ററിംഗ് പോയിന്റിനും, ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരം അടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം 36 കൺസ്യൂമർ പോയിന്റുകളിലായി ആകെ 1805 ലാമ്പുകളുണ്ട്.

പ്രതിമാസ വൈദ്യുതി ചാർജ്ജായി ശരാശരി 106067 രൂപ പഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്.

ബി. മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ KSEBയിലേക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്. വിശദ വിവരങ്ങൾ:

1) കൊല്ലങ്കോട് – കൺസ്യൂമർ നം. 1165109008050താരിഫ് റിവിഷൻ 8.7.2019 പ്രകാരം

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | CFL 18 W | 162 | 29 | 4698 |
| 2 | CFL 22 W | 152 | 35 | 5320 |
| 3 | CFL 30 W | 184 | 48 | 8832 |
| 4 | CFL 36 W | 383 | 116 | 22214 |
| 5 | CFL 44 W | 200 | 70 | 14000 |
| 8 | SVL 250 W | 7 | 492 | 3444 |
| | | | | 58508 |

പ്രതിമാസം 58508 രൂപ മീറ്ററിനു കീഴിലല്ലാത്ത തെരുവു വിളക്കുകൾക്ക് ഒടുക്കുന്നുണ്ട്.

2) മുതലമട സെക്ഷൻ-കൺസ്യൂമർ നം.1165119015354

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | LED 20 W | 180 | 17 | 3060 |

പ്രതിദിനം 12 മണിക്കൂർ പ്രവർത്തിക്കുന്ന എന്ന രീതിയിലാണ് താരിഫ് നിശ്ചയിച്ചിട്ടുള്ളത്.

2018-19 വർഷത്തിൽ പ്രൊജക്റ്റ് നം.S0012/19-എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ പ്രകാരം 24,79,000/-രൂപ പ്രകാരം 925 എൽ.ഇ.ഡി ബൾബുകളും പ്രൊജക്റ്റ് നം.S00145/19-എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ പദ്ധതി പ്രകാരം 16,99,460/- രൂപ ചെലവഴിച്ച് 854 എൽ.ഇ.ഡി. ബൾബുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്.

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ വിവരം

എൽ.ഇ.ഡി ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | S0138/20 |
|---|---|
| പേര് | എൽ.ഇ.ഡി ബൾബ് മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | 3,40,000/- |
| ചിലവ് | 3,40,000/- (തനത് ഫണ്ട്) |

ഗിരീഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് കരാർ നൽകിയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം എൽ.ഇ.ഡി ബൾബുകളാണ് റിപ്പയർ & മെയിന്റനൻസ് നടത്തിയിട്ടുള്ളത്.

2018-19 വർഷത്തിലും 2019-20 വർഷത്തിലും സി.എഫ്.എൽ പ്രവർത്തികളുടെ റിപ്പയർ/ മെയിന്റനൻസിനായി തുകയൊന്നും ചെലവഴിച്ചു കാണുന്നില്ല. എന്നാൽ സി.എഫ്.എൽ വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് ഒടുക്കുകയും ചെയ്യുന്നുണ്ട്. മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത വിളക്കുകളുടെ യഥാർത്ഥത്തിലുള്ള എണ്ണം, തരം എന്നിവ കണക്കാക്കുന്നതിന് കെ.എസ്.ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് ഇല്ലാത്ത വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമായില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ് (2018-19 ൽ സ്ഥാപിച്ചവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്).

4. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ നം. 17 പ്രകാരം ആവശ്യപ്പെട്ട രേഖാമൂലമുള്ള വിശദീകരണത്തിൽ നിലവിൽ ഭാഗികമായി മാത്രമാണ് എൽഇഡി ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും 2020-21 വർഷത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 500 LED ബൾബുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി എഗ്രിമെന്റ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 KWA യുടെ പൊതു കുടിവെള്ള ടാപ്പുകളിലൂടെയുമുള്ള ശുദ്ധജല വിതരണം-പൊതുടാപ്പുകൾ ഒഴിവാക്കുവാനുള്ള തീരുമാനം നടപ്പാക്കേണ്ടതാണ്

പഞ്ചായത്തിന്റെ പരിധിയിൽ KWA പരിപാലിക്കുന്ന 375 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ടായിരുന്നു.

2019-20 ൽ പ്രതിമാസം 1,64,063/- രൂപ നിരക്കിൽ 8/2019വരെ വെള്ളക്കരമായി പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാനായി 07/2019ൽ സംയുക്ത പരിശോധന നടത്തിയപ്പോൾ പൊതുടാപ്പുകളുടെ എണ്ണം 426 ആയി തിട്ടപ്പെടുത്തുകയും വാട്ടർ അതോറിറ്റി 424 ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനനുസരിച്ച് ഓഗസ്റ്റ് 2019 മുതൽ 185500 രൂപയായി പ്രതിമാസ വെള്ളക്കരം നിശ്ചയിച്ചിട്ടുണ്ട്. ഭരണ സമിതിയുടെ 24.08.2019 ലെ 6(1) ാംനമ്പർ തീരുമാനം പ്രകാരം പൊതുടാപ്പുകളെല്ലാം വിഛേദിക്കുന്നതിന് തീരുമാനം എടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി 31.08.2019 ലെ സി4/2812 നം. കത്ത് പ്രകാരം ജല അതോറിറ്റി പരിപാലിക്കുന്ന 426 പൊതു ടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അസി.എക്സി.എഞ്ചിനിയർ, പി.എച്ച്. ഡിവിഷൻ, ചിറ്റൂരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കത്ത് നം.കെ.ഡബ്ല്യു.എ/പി.എച്ച്./ഡി ബി/സി.ടി.ആർ/1140/2019,18.11.2019 പ്രകാരം ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നെമ്മാറ അസി.എഞ്ചീനിയർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. നാളിതുവരെയും പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ തുക നൽകുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/3.3.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക അതാത് മാസം തന്നെ ഒടുക്കുവാനും കുടിശ്ശിക വരുത്താതിരിക്കുവാനും വൻ തുക ഒടുക്കുന്നതിനുള്ള സാഹര്യം ഉണ്ടാകാതിരിക്കുവാനു ശ്രദ്ധിക്കേണ്ടതാണ്.

2. ജല അതോറിറ്റി നൽകുന്ന കണക്കുകളുടെ കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. 426 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തീരുമാനം നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി കത്ത് നൽകിയ തിയതി മുതൽ വെള്ളക്കരം ഒഴിവാക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് പരിചരണ പദ്ധതി - അവലോകനം

ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ സംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതാണ് പാലിയേറ്റീവ് പരിചരണ നയത്തിന്റെ ലക്ഷ്യം. എല്ലാ പഞ്ചായത്തുകളും പാലിയേറ്റിവ് പരിചരണത്തിനും ഹോം കെയറിനുമായി നിർബന്ധമായും പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ പാലിയേറ്റിവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ , വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

2019-20 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ സാന്ത്വന പരിചരണത്തിനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം. | | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ആകെ |
|---|---|---|---|---|
| 100/20 | അടങ്കൽ | 300000 | 150000 | 450000 |
| | ചെലവ് | 294213 | 72436 | 366649 |
| 141/20 | അടങ്കൽ | 196024 | 3184 | 199208 |
| | ചെലവ് | 103334 | 0 | 103334 |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമാണ്. നോമിനൽ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ പുതിയതായി 131 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

<u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങൾ</u>

പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടുണ്ട്. 2019 ഏപ്രിൽ മാസത്തിൽ ഒഴികെ മറ്റെല്ലാ മാസങ്ങളിലും അവലോകന യോഗം കൂടിയിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ അവലോകന യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്.

<u>ഹോം കെയർ</u>

ആഴ്ചയിൽ 4 വീതം മാസത്തിൽ 16 ഹോം കെയറുകൾ നടത്തിയിട്ടുണ്ട്. ഹോം കെയർ വാഹനം ഒരു വർഷത്തേയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ച് പ്രതിദിന വാടക നിരക്കിൽ ഏർപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

<u>പ്രാദേശിക വിഭവ സമാഹരണം</u>

സംഭാവനയിനത്തിൽ പ്രാദേശികമായി വിഭവ സമാഹരണം നടത്തുന്നതിനായി പ്രത്യേക രസീത് പുസ്തകം അച്ചടിച്ചിട്ടുണ്ട്. തൻ വർഷം സംഭാവനയിനത്തിൽ 14580 രൂപ വരവുണ്ട്. ടി തുക എച്ച്.എം. സി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സംഭാവനയായി ലഭിച്ച സാധനസാമഗ്രികൾക്കായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ) നം. 553/2019/തസ്വഭവ തീയതി :07.03.2019 ഖണ്ഡിക2.12 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് സംഭാവനയിനത്തിൽ ഫണ്ട് സമാഹരിക്കുന്നതിനായി ആശുപത്രി മാനേജിംഗ് കമ്മിറ്റിയ്ക്ക് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് രൂപീകരിക്കാവുന്നതാണ്. രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ പ്രത്യേക രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കുകയും അവ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തോടെ കൂടുതൽ വിഭവസമാഹരണവും പൊതുജന പങ്കാളിത്തവും ഉറപ്പു വരുത്തുന്നത് പദ്ധതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടത്തുന്നതിന് സഹായകമാകും.

<u>മോണിറ്ററിംഗ്</u>

മാർഗ്ഗരേഖയിലെ ഖണ്ഡിക 2.16 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ചചെയ്യേണ്ടതും ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലയിരുത്തേണ്ടതുമാണ്. ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ട് രൂപീകരണ വേളയിൽ ഒഴികെ ഒരു യോഗത്തിലും പാലിയേറ്റീവ് കെയർ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല.
മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>1-22 കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി എ.സി യാക്കൽ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്</u>

പ്രോജക്ട് നമ്പർ- 228/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 150000 ( വികസന ഫണ്ട് - 100000, മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് - 50000)

കുടുംബാരോഗ്യകേന്ദ്രത്തിലെ ഫാർമസി എ.സി യാക്കൽ പദ്ധതിയുടെ നിർവ്വഹണം ടെണ്ടർ മുഖേന നടത്തുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഡെപ്പോസിറ്റ് വർക്ക് ആയിട്ടാണ് നിർവ്വഹിച്ചിരിക്കുന്നത്. 1.5 ടൺ വീതമുള്ള 2 എ.സി യൂണിറ്റ് സ്ഥാപിക്കുന്നതിനായി ബിൽ നം. 27/20.11.2019 പ്രകാരം 100000 രൂപയും ബിൽ നം. 28/20.11.2019 പ്രകാരം 50000 രൂപയും എച്ച്.എം.സി ഫണ്ടിൽ നിന്ന് 3000 രൂപയും ഉൾപ്പെടെ 153000 രൂപ പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 13.01.2021 ലെ നം എ1-205/2020-21 നം. കത്ത് പ്രകാരം പൂർത്തീകരണ/ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. 10.02.2021 ലെ നം.ഇ.എൽ.2/ഡി/670/2020

പ്രകാരം കംപ്ലീഷൻ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ട്. ആയവ പ്രകാരം 17.07.2020 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും 147995 രൂപ പ്രവൃത്തിയ്ക്കായി ചെലവഴിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ചെലവഴിക്കാതെ അവശേഷിക്കുന്ന 5005 രൂപ (153000-147995 ) തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, ഡെപ്പോസിറ്റ് തുക കൈമാറുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നം.14/01.03.2019 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന 5005 രൂപയിൽ എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകിയ 3000 രൂപ തിരികെ ലഭ്യമാക്കുന്നതിനായി 19.02.2021 ന് 134/19 പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ ലഭിക്കാനുള്ള തുക കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം - 97/20, എ.ബി.സി പ്രോഗ്രാം
(തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണപരിപാടി )
അടങ്കൽ - 350000 (വികസനഫണ്ട് -ജനറൽ)
ചെലവ് - 350000 (ബിൽ നം 3/17.08.19)
നിർവ്വഹണം - വെറ്ററിനറി സർജൻ

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജന്തുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലാപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 350000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക് വെറ്ററിനറി സർജ്ജൻ കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെയോ ധനവിനിയോഗ വിവരമോ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ പൂർത്തീകരണവിവരം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് വെറ്ററിനറി സർജ്ജൻ മറുപടി നൽകിയിട്ടുണ്ട്.

ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം 25/4.03.2021)

## 1-24 എൽ.ഇ.ഡി ലാമ്പുകളുടെ അറ്റകുറ്റപ്പണികളുടെ ടെണ്ടർ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്ട് നം.138/20 പ്രകാരം എൽ.ഇ.ഡി ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെ പറയും പ്രകാരം 340000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി സ്പിൽ സ്പിൽ ഓവറായാണ് നിർവ്വഹിച്ചിട്ടുള്ളത്.

| ബിൽ തീയതി | തുക | വൗച്ചർനം. | റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം |
|---|---|---|---|
| 28.6.2019 | 150000 | 21900189 /28.6.2019 | 9W 315 എണ്ണം@380<br>20W 134 എണ്ണം@800<br>മുൻബാക്കിയായി നൽകാനുള്ള 47540 രൂപയുൾപ്പെടെ ആകെ 274440 |
| 29.10.2019 | 190000 | 21900657 /29.10.19 | 9W 139 എണ്ണം@380<br>20W 32 എണ്ണം@800<br>മുൻബാക്കിയായി നൽകാനുള്ള124440 |

| | | | |
|---|---|---|---|
| | | | രൂപയുൾപ്പെടെ ആകെ 202860 |

കെ.ഗിരീഷ്, പയ്യലൂർ, കൊല്ലങ്കോട് എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് കരാർ നൽകിയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഈ കരാറുകാരനെ തെരഞ്ഞെടുത്ത ടെണ്ടർ രേഖകൾ, നിരക്ക് അംഗീകരിച്ച തീരുമാനം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. തുക അനുവദിച്ചിട്ടുള്ള ബില്ലിനോടൊപ്പം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കെ.എസ്.ഇ.ബി യിൽ നിന്നും സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ടെണ്ടർ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/3.3.2021) മറുപടി ലഭ്യമാക്കുകയോ ഫയൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ടെണ്ടർ ഫയൽ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 340000 രൂപ തടസപ്പെടുത്തുന്നു.

## 1-25 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. 29 അങ്കണവാടികളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഇവയുടെ ഭൗതിക സാഹചര്യങ്ങൾ അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പര്യാപ്തമായ ഭൗതിക സാഹചര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തേണ്ട സാഹചര്യങ്ങളും വിശദമാക്കിയിട്ടുണ്ട്. ആയത് താഴെ പറയും വിധമാണ് . (ഓഡിറ്റ് അന്വേഷണം 22/04.03.21)

| | |
|---|---|
| സ്വന്തം കെട്ടിടം ഉള്ളവ | 27 |
| സ്വന്തം കെട്ടിടം ഉണ്ടെങ്കിലും കാലപ്പഴക്കം മൂലം വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾ | 3 |
| വാടകയ്ക്ക് പ്രവർത്തിക്കുന്നവ | 5 |
| വൈദ്യുതി ഇല്ലാത്തവ | 11 |
| ചുറ്റുമതിൽ ഇല്ലാത്തവ | 7 |

കാലപ്പഴക്കം മൂലം വാടകയ്ക്ക് പ്രവർത്തിക്കുന്ന ഒരു അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും മറ്റ് രണ്ടെണ്ണത്തിനുള്ള കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടില്ലെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. 09.05.2019 ലെ ഭരണസമിതി യോഗത്തിൽ വെള്ളം, വൈദ്യുതി ഇവ ഇല്ലാത്ത അങ്കണവാടികൾക്ക് ആയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിലോ മറ്റ് യോഗങ്ങളിലോ ചർച്ചകൾ നടത്തുകയോ നടപടികളുടെ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. വൈദ്യുതി ഇല്ലാതെ 11 അങ്കണവാടികൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ പൊതുവായ വികസന കാഴ്ചപ്പാടിന് ചേരാത്തതാണെന്നും അടിയന്തിര നടപടികൾ സ്വീകരിച്ച് ഇവയ്ക്ക് വൈദ്യുതി എത്തിക്കുന്നതാണെന്നും 04.03.21 ന് നടന്ന എക്സിറ്റ് യോഗത്തിൽ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി(എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് അനുസരിച്ച് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4) ഐ.സി.ഡി.എസ് നുള്ള കേന്ദ്ര വിഹിതം 7,99,788 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഈ വിഹിതവും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടിയെടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തിയിട്ടില്ല

പ്രോജക്ട് നം 108/20

(ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -ജനറൽ)

അടങ്കൽ -600000 (300000-വികസനഫണ്ട്, 300000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 481076(150000-10/7.11.19, 150000-20/14.02.20 ,181076-ബ്ലോക്ക് ഷെയർ)

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന 36 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. ഇതിൽ 26 പേർ മാനസികരോഗമുള്ളവരും സെറിബ്രൽ പാൾസി രോഗമുള്ളവരുമാണ്. മറ്റുള്ളവർ കാഴ്ചയ്ക്കും കേൾവിക്കും ചലനത്തിനും ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നവരാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ശരാശരി 15000 രൂപ മാത്രമാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ, നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷികബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പോ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്തിട്ടില്ല. വനിതാ ശിശുക്ഷേമത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് 2019-20 വർഷത്തേക്കുള്ള പ്രോജക്ട് രൂപീകരണത്തിനായി 15.10.18 ന ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനോ മോണിറ്റർ ചെയ്യുന്നതിനോ യോഗം ചേർന്ന് ചർച്ച ചെയ്തിട്ടില്ല.

ഓഡിറ്റ് അന്വേഷണംനം 22/ 04.03.2021 പ്രകാരം ഈ വിവരം നിർവ്വഹണോദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ട്. ഫണ്ട് റിവൈസ് ചെയ്തുതരാൻ ഭരണസമിതിയോടും സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ അവസാനം ഫണ്ട് ഇല്ലാത്തതിനാൽ തുക അനുവദിച്ചു കിട്ടിയില്ല എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ എല്ലാ പ്രായത്തിലുമുള്ള വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെ ഒരു സംയുക്തയോഗം വിളിച്ചു ചേർക്കേണ്ടതും അവകാശങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തേണ്ടതുമാണ്. ഭിന്നശേഷിക്കാരായവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്. വരുംവർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലേക്കും ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 മാലിന്യസംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്ന് വിലയിരുത്തുന്നതിനായി വിവിധ രേഖകൾ പരിശോധിച്ചതിന്റെയും ജീവനക്കാരിൽ നിന്ന് വിവരങ്ങൾ ആരാഞ്ഞതിന്റെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

### എ. സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി പ്രൊജക്ട് നം.137/20 പ്രകാരം ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 2018-19 വർഷത്തിൽ ഐ ആർ ടി സി മുഖേന എയ്റോബിക് മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് 1372000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ അവസാനഘട്ട ബില്ലാണ് തൻവർഷം അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആകെ ചെലവ് 3430000 രൂപയാണ്. ശുചിത്വമിഷൻ ഫണ്ട് വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മാലിന്യ ശേഖരണം നടത്തുന്നതിനായി 3 ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് ടൗണിൽനിന്നും തെരുവുകളിൽ നിന്നും ജൈവ മാലിന്യങ്ങൾ ശേഖരിച്ച് കമ്പോസ്റ്റ് ആക്കി മാറ്റുന്നു.

### ബി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി.എഫ് സെന്റർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടില്ല. 2019-20 വർഷത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ 14 ആം വാർഡിലെ കോവിലകം മുക്കിലുള്ള ഒരു താൽക്കാലിക എം സി എഫ് കളക്ഷൻ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. 2020-21 വർഷത്തിൽ 15 ആം വാർഡിലുള്ള കവളക്കോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ താൽകാലിക എം സി എഫ് സെന്ററിൽ സൂക്ഷിച്ചിരിക്കുകയാണ്. എം സി എഫ് സെന്റർ നിർമ്മിക്കുന്നതിന് 2020-21 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

<u>സി. ഹരിതകർമ്മസേന</u>

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന 2019-20 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രൊജക്ട് നം.116/20 പ്രകാരം ഹരിതകർമ്മസേനയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 500000 രൂപ വകയിരുത്തിയതിൽ 8856 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം 7 അംഗങ്ങളാണ് മാലിന്യ ശേഖരണത്തിനായി പ്രവർത്തിച്ചിട്ടുള്ളത്. 2020-21വർഷത്തിൽ 36 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വീട്ടിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും വീതം യൂസർഫീസ് ഈടാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഈടാക്കുന്ന തുക നിക്ഷേപിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഹരിതകർമ്മസേനയുടെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്

<u>ഡി. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരമുള്ള നടപടികൾ</u>

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകളിൽ നിന്നും ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിനായി ബൈലോയും രൂപീകരിച്ചിട്ടില്ല.

<u>ഇ. വികേന്ദ്രീകൃത മാലിന്യ സംസ്കരണം</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷത്തിൽ നടപ്പിലാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

*സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*എം.സി.എഫ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

*പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ച് കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

*സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-28 മാലിന്യ സംസ്കരണ പ്ലാന്റിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതി -ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം**

പ്രൊജക്റ്റ് നം.289/20-മാലിന്യസംസ്കരണ പ്ലാന്റിൽ ക്യാമറ സ്ഥാപിക്കൽ
അടങ്കൽ-100000
ചെലവ് -48300
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ഈ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി വൗച്ചർനം.21901105/30.3.20 പ്രകാരം 48300 രൂപ ക്യാമറ സ്ഥാപിക്കുന്നതിനായി ഫയർടെക് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഇൻവോയിസ് നം.22/(തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം നാല് ക്യാമറകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങിയിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

- ക്യാമറ സപ്ലൈ ചെയ്ത സ്ഥാപനവുമായി നിയമാനുസൃതമുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. സോളാർ പാനൽ, ബാറ്ററി, എന്നിവയുടെ വാറണ്ടി കാലയളവ് എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വാറന്റി ഉറപ്പുവരുത്താത്ത സാഹചര്യത്തിൽ തുടർവർഷങ്ങളിൽ മെയിന്റനൻസ് ആവശ്യമായി വരുകയോ സി.സി.ടി.വി സംവിധാനം പ്രവർത്തനരഹിതമാകുകയോ ചെയ്താൽ നിയമാനുസൃതം നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരും..
- 2019-20 വർഷത്തിൽ തുക അനുവദിച്ചുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള ചെലവ്സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല
- സർക്കാർ ഇ പോർട്ടൽ (GEM) മുഖേന സി.സി.ടി.വി വാങ്ങി സ്ഥാപിക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല.
- ക്യാമറ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.
- ക്യാമറ സ്ഥാപിച്ചത് സാങ്കേതിക വിദഗ്ധൻ പരിശോധിക്കുകയോ ഗുണമേന്മ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിലവിൽ ഈ ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.29/4.3.2021)നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.
- സ്ഥാപിച്ച ഇനങ്ങളുടെ (സോളാർ പാനൽ, ബാറ്ററി, ക്യാമറ തുടങ്ങിയവ) ബ്രാന്റ് ഏതെന്ന് ക്വട്ടേഷനിലോ തുക ആവശ്യപ്പെട്ട് നൽകിയ കത്തിലോ വ്യക്തമാക്കിയിട്ടില്ല. ബ്രാന്റ് / സ്പെസിഫിക്കേഷൻ, ക്വാളിറ്റി എന്നിവ അടിസ്ഥാനമാക്കി വ്യത്യസ്ത നിരക്കുകളിൽ ഇവ ലഭ്യമാണ് എന്നതിനാൽ അധികവില/നിരക്ക് നൽകിയിട്ടില്ല എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.
- ക്യാമറയിലെ ഡാറ്റ പരിശോധിക്കുന്നതിനും വിവരങ്ങൾ ബാക്ക്അപ് ചെയ്ത് സൂക്ഷിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുവാനും നിലവിൽ ഈ ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്ന് യാതൊരു മറുപടിയും ലഭ്യമാക്കുകയുണ്ടായില്ല. ക്യാമറകളിലെ ഡാറ്റ പരിശോധിക്കുന്നതിനായി Centralised Monitoring സംവിധാനം നിലവിലില്ല. സി.സി.ടി.വി മോണിറ്ററിംഗിനായി രേഖാമൂലം (ഓഫീസ് ഉത്തരവുമുഖേന) ഒരു ഉദ്യോഗസ്ഥനേയും ചുമതലപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽല് സി.സി.ടി.വി മോണിറ്ററിംഗിനും ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്.
- സി.സി.ടി.വി സംവിധാനത്തിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഉപയോഗിച്ച് മാലിന്യനിക്ഷേപം നടത്തിയവർക്കെതിരെ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തതായും രേഖയില്ല. പൊതുസ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചു എന്നല്ലാതെ സി.സി.ടി.വി സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഡാറ്റ പരിശോധിക്കുവാനോ Databackup- നോ സംവിധാനങ്ങളൊന്നുമില്ലാതെ ക്യാമറകൾ മാത്രം സ്ഥാപിച്ചതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് സി.സി.ടി.വി സംവിധാനം ഉപയോഗക്ഷമമാക്കാത്തപക്ഷം പദ്ധതിക്കായി ചെലവഴിച്ച 48300 രൂപ പാഴ്ചെലവായി മാറാൻ സാധ്യതയുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. സർക്കാർ ഇ പോർട്ടൽ (GEM) മുഖേന വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. സി.സി.ടി.വി മോണിറ്ററിംഗിനും ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
3. സ്ഥാപിച്ച ഉപകരണങ്ങൾ സാങ്കേതികവിദഗ്ദ്ധൻ പരിശോധിച്ച് സ്പെസിഫിക്കേഷൻ, ഗുണമേന്മ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
4. ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്
5. സപ്ലൈ ചെയ്ത സ്ഥാപനവുമായി നിയമാനുസൃതമുള്ള കരാർ ചമച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.
6.വാറന്റി വിവരങ്ങൾ വ്യക്തമാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.
7. ക്യാമറയിൽ പതിയുന്ന ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അപാകതകൾ പരിഹരിച്ച് സിസിടിവി സംവിധാനം പ്രവർത്തനക്ഷമമാകുന്നതുവരെ ചെലവ് തുകയായ 48300രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം . 29/4.03.21)

1-29 ലൈഫ് പദ്ധതിയുടെ നടത്തിപ്പ്

"ലൈഫ് രണ്ടാം ഘട്ടം "പദ്ധതിയിൽ 2019-20 വർഷം 2 പുതിയ പ്രോജക്ടുകളും 2 സ്പിൽ ഓവർ പ്രോജക്ടുകളുമാണ് നടപ്പിലാക്കിയിരിക്കുന്നത്. രണ്ട് സർക്കിളുകളിലായി രണ്ട് വി.ഇ.ഒ മാരാണ് പദ്ധതി നിർവ്വഹണം ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രോജക്ട് | 224/20 | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (ജനറൽ) | 4466200 | 3365317 |
| | ബ്ലോക്ക് പഞ്ചായത്ത് | 5200000 | 1354683 |
| | സംസ്ഥാനവിഹിതം | 16600000 | 9800000 |
| | ആകെ | 26266200 | 14520000 |
| 2 | പ്രോജക്ട് | 142/20 (S.O) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (ജനറൽ) | 31447 | 0 |
| | മറ്റ് ഗ്രാമപഞ്ചായത്ത് | 400000 | 400000 |
| | ജില്ലാ പഞ്ചായത്ത് | 1840000 | 0 |
| | മറ്റിനം | 33528553 | 5380000 |
| | ആകെ | 35800000 | 5780000 |
| 3 | പ്രോജക്ട് | 132/20 (S.O) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 589000 | 589000 |
| | ബ്ലോക്ക് പഞ്ചായത്ത് | 965469 | 0 |
| | ജില്ലാ പഞ്ചായത്ത് | 854547 | 0 |
| | മറ്റിനം | 6490984 | 0 |

| | | | |
|---|---|---|---|
| | ആകെ | 8900000 | 589000 |
| 4 | പ്രോജക്ട് | 226/20 | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 3900000 | 911000 |
| | സംസ്ഥാനാവിഷ്കൃതം | 200000 | 200000 |
| | ആകെ | 4100000 | 1111000 |

ലൈഫ് രണ്ടാം ഘട്ടം പദ്ധതിക്കായി ആകെ 266 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചിരിക്കുന്നത്. പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ, എന്നിവ പ്രകാരംതാഴെ പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വക്കുകയും അടങ്കൽ തുകയിൽ നിന്നും ഭാഗികമായി മാത്രം തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവർ വീടുപണി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | എഗ്രിമെന്റ് തീയതി |
|---|---|---|
| സിന്ധു, W/O ഭരതൻ വെള്ളാന്തറ | 40000 | 19.09.18 |
| ഗോപാലകൃഷ്ണൻ, സുമതി | 200000 | 03.06.19 |
| ശാന്ത മുരുകനെഴുത്തച്ഛൻ | കൈപ്പറ്റിയിട്ടില്ല | 2.07.19 |
| പാത്തുമുത്തു W/O ഹനീഫ | 2,60,000 | 06.07.19 |

ഇവരിൽ ശാന്ത, മുരുകനെഴുത്തച്ഛൻ എന്നവർ കേരള റീബിൽഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വി.ഇ.ഒ വാക്കാൽ അറിയിച്ചു.എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരുടെയും മോണിറ്ററിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടിയും ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 30/4.03.21)

<u>1-30 മരാമത്ത് പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിക്കുമ്പോൾ ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാത്തത്</u>

ടെണ്ടർ ഡീവിയേഷൻ കുറവു ചെയ്യാതെ കാച്ചാംകുറിശ്ശി ചാത്തമ്പാറ റോഡ് ഇംപ്രൂവ്മെന്റ് എന്ന പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിച്ചതിലൂടെ കരാറുകാരന് ₹43668/- അധികം നൽകിയിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
(വിശദാംശങ്ങൾ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

<u>1-31 മരാമത്ത് പ്രവൃത്തിയുകെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടില്ല</u>

2011ലെ PWD മാന്വൽ സെക്ഷൻ 2009.6. പ്രകാരം കരാർ അംഗീകരിച്ച് 14 ദിവസങ്ങൾക്കുള്ളിൽ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടാത്തപക്ഷം തുടർന്ന് വരുന്ന 10 ദിവസങ്ങൾക്കുള്ളിൽ കരാർ തുകയുടെ 1% പിഴ ഒടുക്കി കരാർ ഒപ്പുവെക്കാൻ അവസരം നൽകുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്റ്റുകളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ 4 പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ വന്ന കാലാതാമസം വന്നിട്ടും പിഴ ഈടാക്കിയിരുന്നില്ല. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ബിൽ തുക നൽകുമ്പോഴും കരാർ വൈകിയതിനുള്ള പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായ വിവരങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-32 ആശ്രയ/അഗതിരഹിതകേരളം പദ്ധതി-പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഗുണഭോക്താക്കൾക്കായി താഴെപ്പറയുന്ന പദ്ധതി ആവിഷ്കരിച്ച് വകയിരുത്തിയ തുക പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | വകയിരുത്തിയ തുക | പിൻവലിച്ച് നൽകിയ തുക | ട്രഷറി ബിൽനം. |
|---|---|---|---|---|
| ആശ്രയ | 117/20 | 400000 (വികസനഫണ്ട്) | 400000 | 3/17.8.2019 |

പദ്ധതി പ്രകാരം പിൻവലിച്ച തുക കുടുംബശ്രീയുടെ 1317101020701 എന്ന കാനറാ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല. പ്രൊജക്ടിൽ ഏത് രീതിയിലുള്ള ആനുകൂല്യം നൽകുന്നതിനാണെന്ന് വ്യക്തമാക്കിയിട്ടില്ല. അഗതിരഹിതകേരളം പദ്ധതിയുടെ സർവേ പ്രകാരം 200 ഗുണഭോക്താക്കളാണ് അഗതി കുടുബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. 2019-20 വർഷത്തിൽ ആശ്രയയുടെ പ്രവർത്തനം എന്ന നിലയിൽ ജില്ലാമിഷന്റെ ഫണ്ടുപയോഗിച്ച് ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് ചെയ്തുവരുന്നത്. പിൻവലിച്ച തുക ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 5/25.2.21) മറുപടിയിൽ ഭവനനിർമാണത്തിന് രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് തുക പിൻവലിച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയത്
ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അവർക്ക് ധനസഹായം അനുവദിച്ചതിനുശേഷം മാത്രം മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ ഭവനരഹിതരായ ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലേക്ക് മാറ്റിയിട്ടില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഭവനരഹിതരായ അഗതികളായ ഗുണഭോക്താക്കളെ എത്രയും പെട്ടെന്ന് ലൈഫ് പദ്ധതിയിലേക്ക് മാറ്റി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പിൻവലിച്ച തുക അഗതിരഹിതകേരളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിനനുസരണമായി ചെലവഴിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 മരാമത്ത് പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിക്കുമ്പോൾ ടെണ്ടർ ഡീവിയേഷൻ കുറവ് ചെയ്യാത്തത്

ടെണ്ടർ ഡീവിയേഷൻ കുറവ് ചെയ്യാതെ അവസാന ബിൽ തുക അനുവദിച്ചതിലൂടെ കരാറുകാരന് ₹43668/- അധികം നൽകിയത് ഈടാക്കണം. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നം.201/20: കാച്ചാംകുറിശ്ശി ചാത്തമ്പാറ റോഡ് ഇംപ്രൂവ്മെന്റ്

അടങ്കൽ തുക: 450000/- ഫണ്ടിനം: ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവുതുക: 449982/- ബിൽ നം.52/21.10.19

കരാർ നം.46/13.12.18 കരാറുകാരൻ: പ്രസാദ്. കെ.വി

എസ്റ്റിമേറ്റ് തുക: 435724/- കരാർ നിരക്ക് : 10.1% കുറവ്

അളവു പുസ്തകം നം.216/18-19

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 436875.53 | 436875.53 |
| + 3% GST Compensation | 13106.27 | 13106.27 |
| | | |

| | | |
|---|---|---|
| ആകെ | 449981.80 | 449981.80 |
| - ടെണ്ടർ വേരയേഷൻ (10.1%) | 45488.16 | 0 |
| അറ്റ തുക | 404493.64 | 449981.80 |
| - ആദായ നികുതി | 4045 | 4500 |
| -തൊഴിലാളി ക്ഷേമനിധി | 4045 | 4500 |
| -CGST | 4045 | 4500 |
| -SGST | 4045 | 4500 |
| -ബാരൽ വില (22*314) | 6908 | 6908 |
| കരാറുകാരന് നൽകാവുന്നത് | 381405.64 | 425073.8 |
| അധികം നൽകിയത് | 43668.16 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.19-II/02-03-2021) മറുപടിയിൽ, അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

₹43668/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടില്ല

2011ലെ PWD മാന്വൽ സെക്ഷൻ 2009.6. പ്രകാരം കരാർ അംഗീകരിച്ച് 14 ദിവസങ്ങൾക്കുള്ളിൽ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടാത്തപക്ഷം തുടർന്ന് വരുന്ന 10 ദിവസങ്ങൾക്കുള്ളിൽ കരാർ തുകയുടെ 1% പിഴ ഒടുക്കി കരാർ ഒപ്പുവെക്കാൻ അവസരം നൽകുന്നുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസം വന്നിട്ടും പിഴ ഈടാക്കിയിരുന്നില്ല. പ്രവ്യത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നൽകുമ്പോഴും കരാർ വൈകിയതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

1. പ്രൊജക്ട് നം.181/20: നെൻമേനി കുടിവെള്ള പദ്ധതി വാർഡ് 10 എന്ന പ്രൊജക്ടിന്റെ കരാർ നിശ്ചിത തീയ്യതിക്കകം ഒപ്പുവെച്ചതായി കാണുന്നില്ല. പിഴ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. (പ്രവൃത്തി പൂർത്തീകരണം വൈകിയതിന് അവസാന ബില്ലിൽ നിന്നും ₹2533/- പിഴ ഈടാക്കിയിട്ടുണ്ട്)

അളവു പുസ്തകം നം.232/16-17
കരാർ തുക: 329100/-
കരാർ നം. 54/22.12.18
സെലക്ഷൻ നോട്ടീസ് തീയ്യതി: 22.11.18
ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം: 16.11.18ലെ 1/1 നമ്പർ തീരുമാനം
കരാറുകാരൻ: മൊഹമ്മദ് മൊയ്തീൻ. എസ്.
ഈടാക്കേണ്ട പിഴ: ₹3291/-
ബിൽ തുക നൽകിയതിന്റെ വിവരം:

| ബിൽ നമ്പർ/ തീയ്യതി | തുക | ഫണ്ടിനം |
|---|---|---|
| 44/15.10.19 | 319,007 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

2. പ്രൊജക്ട് നം.182/കൊട്ടക്കുറിശ്ശി - തോട്ടം കോളനി കുടിവെള്ള പദ്ധതി എന്ന പ്രൊജക്ടിന്റെ കരാർ നിശ്ചിത തീയ്യതിക്കകം ഒപ്പുവെച്ചതായി കാണുന്നില്ല. പിഴ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. (പ്രവൃത്തി പൂർത്തീകരണം വൈകിയതിന് അവസാന ബില്ലിൽ നിന്നും ₹2217/- പിഴ ഈടാക്കിയിട്ടുണ്ട്)

അളവു പുസ്തകം നം. 230/16-17
കരാർ തുക: 254500/-

കരാർ നം. 56/22.12.18

സെലക്ഷൻ നോട്ടീസ് തീയ്യതി: 22.11.18

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം: 16.11.18ലെ 1/1 നമ്പർ തീരുമാനം

കരാറുകാരൻ: മൊഹമ്മദ് മൊയ്തീൻ. എസ്.

ഈടാക്കേണ്ട പിഴ: ₹2545/-

ബിൽതുക നൽകിയതിന്റെ വിവരം:

| ബിൽ നമ്പർ/ തീയ്യതി | തുക | ഫണ്ടിനം |
|---|---|---|
| 47/15.10.19 | 249,887 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

3. പ്രൊജക്ട് നം.174: പൊരിച്ചോളം കുടിവെള്ള പദ്ധതി എന്ന പ്രൊജക്ടിന്റെ കരാർ നിശ്ചിത തീയ്യതിക്കകം ഒപ്പുവെച്ചതായി കാണുന്നില്ല. പിഴ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. (പ്രവൃത്തി പൂർത്തീകരണം വൈകിയതിന് അവസാന ബില്ലിൽ നിന്നും ₹2217/- പിഴ ഈടാക്കിയിട്ടുണ്ട്)

അളവു പുസ്തകം നം.231/16-17

കരാർ തുക:266853/-

കരാർ നം. 55/22.12.18

സെലക്ഷൻ നോട്ടീസ് തീയ്യതി: 22.11.18

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം: 16.11.18ലെ 1/1 നമ്പർ തീരുമാനം

കരാറുകാരൻ: മൊഹമ്മദ് മൊയ്തീൻ. എസ്.

ഈടാക്കേണ്ട പിഴ: 2669/-

ബിൽതുക നൽകിയതിന്റെ വിവരം:

| ബിൽ നമ്പർ/ തീയ്യതി | തുക | ഫണ്ടിനം |
|---|---|---|
| 48/15.10.19 | 227,550 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

4. പ്രൊജക്ട് നം.202/20: പ്രാഥമികാരോഗ്യകേന്ദ്രം മെയിന്റനൻസ് എന്ന പ്രൊജക്ടിന്റെ കരാർ നിശ്ചിത തീയ്യതിക്കകം ഒപ്പുവെച്ചതായി കാണുന്നില്ല. പിഴ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

കരാർ നം. 53/18.12.18 കരാർ തുക: 150000/-

സെലക്ഷൻ നോട്ടീസ് തീയ്യതി:22.11.18

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം: 16.11.18ലെ 1/1 നമ്പർ തീരുമാനം

കരാറുകാരൻ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്.

ഈടാക്കേണ്ട പിഴ: 1500/-

ബിൽതുക നൽകിയതിന്റെ വിവരം:

| ബിൽ നമ്പർ/ തീയ്യതി | തുക | ഫണ്ടിനം |
|---|---|---|
| 31/15.7.19 | 50,000 | വികസന ഫണ്ട് (ജനറൽ) |
| 32/15.7.19 | 69,551 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| | 119551 | |

പിഴ ഈടാക്കാതെ കരാർ ഒപ്പുവെച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 15/1.3.2021, 19/02-03-2021) മറുപടിയിൽ പിഴയായി ഈടാക്കാനുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പിഴയായി ഈടാക്കേണ്ട തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22-02-2021 മുതൽ 02-03-2021 വരെ | കെ.എസ്.എ-പി.കെ.ഡി-19/461/2021 തീയതി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് BP (320700404) | 2017-18 | 105470 | പാലിയേറ്റീവ് | 101552 | 3918 |
| | 2016-17 | 5600 | ODF | 0 | 5600 |
| | 2019-20 | 1354683 | ലൈഫ് ജനറൽ | 1354683 | 0 |
| | 2019-20 | 888014 | ലൈഫ് എസ്.സി | 0 | 888014 |
| | 2019-20 | 2127945 | സമൃദ്ധി | 2127945 | 0 |
| | 2019-20 | 113333 | പാലിയേറ്റീവ് | 111854 | 1479 |
| | 2019-20 | 257800 | കട്ടിൽ | 257282 | 518 |
| | 2019-20 | 31600 | വാൾ പെയിന്റ് | 31600 | 0 |
| | 2019-20 | 181076 | വികലാംഗർക്ക് സ്കോളർഷിപ്പ് | 181076 | 0 |
| കൊല്ലങ്കോട് BP (320700104) | 2016-17 | 3133203 | എയ്റോബിക് കമ്പോസ്റ്റ് | 3130000 | 3203 |
| പാലക്കാട് DP (320700405) | 2018-19 | 1364628 | ലൈഫ് മിഷൻ - ജനറൽ | 1815556 | 812833 |
| | | 1263761 | ലൈഫ് മിഷൻ - SCP | | |
| | 2019-20 | 1390519 | ലൈഫ് മിഷൻ - ജനറൽ | 0 | 1390519 |
| പാലക്കാട് DP (320700205) | 2017-18 മുൻപ് | 17500 | ഗായത്രി വാട്ടർഷെഡ് | 0 | 17500 |
| നെല്ലിയാമ്പതി-ലൈഫ് മിഷൻ | 2018-19 | 1240000 | ലൈഫ് മിഷൻ- | 1200000 | 40000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 260/20: വൈദ്യുതി | 19/30.9.19 | 59971 | 59971 | 0 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ ദീർഘിപ്പിക്കൽ | | | | |
| | 290/20: 7,10 വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 26/5.2.20 | 70000 | 70000 | 0 |
| | 291/20: തെല്ലങ്കുത്തറ – പാവടി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 40/24.2.20 | 22013 | 22013 | 0 |
| | 228/20: കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി എ.സി.യാക്കൽ | 27/20.11.19-100,000/-<br>28/20.11.19-50,000/-<br>HMC/14.11.19-3000/- | 153000 | 147995 | 5005 |

എല്ലാ പ്രവൃത്തികളുടെയും വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. KSEBൽ നിന്നും തിരികെ ലഭിക്കാനുള്ള ₹.5005/- ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDFC വായ്പയിനത്തിൽ 5680000 രൂപ വരവുണ്ട്. മുഴുവൻ തുകയും ലൈഫ് പദ്ധതിയുടെ വിനിയോഗത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭ്യമാക്കിയത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC Loan | KURDFC/ A2/289/2018 | 28050447 | 22370447 | 5680000 | 0 | 0 | 28050447 |
| EMS | സ.ഉ(എം.എസ്) നം. 1000/10 തിയതി 24-3-2010 | 26999400 | 2504782 | 0 | 1364428 | 0 | 1140354 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടിക ജാതി വിഭാഗക്കാർക്കുള്ള പദ്ധതികൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് ഉണ്ടായിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 14584349 |
| വരവ് | 95562447 |
| ആകെ | 110146796 |
| ചെലവ് | 89251829 |
| നീക്കിയിരിപ്പ് | 20894967.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 10005 (Fine) |
| ചെലവിനങ്ങളിലുള്ള നഷ്ടം | 43668 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 388300 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43668 | ശ്രീമതി.സജിത. എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(1-3) | 8505 (Fine) | | സജിത. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(4) | 1500 (Fine) | | ശ്രീമതി.ഷൈലജ.കെ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 10005 | 43668 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 150000 | കെ.മുരളി, സെക്രട്ടറി |
| | 190000 | കെ.സന്തോഷ്, സെക്രട്ടറി |
| 1-28 | 48300 | കെ.സന്തോഷ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജിത. എസ് അസിസ്റ്റന്റ് എഞ്ചിനീയർ | കോട്ടയം | അത്തിക്കാട് എസ്.എൽ.പുരം ആലപ്പുഴ |
| ഷൈലജ. കെ.പി അസിസ്റ്റന്റ് എഞ്ചിനീയർ | പിണ്ടിമന ഗ്രാമപഞ്ചായത്ത് | ചിറ്റേത്തുകുടി വീട് പനിപ്ര പോസ്റ്റ് കോതമംഗലം എറണാകുളം-686692 |
| കെ.മുരളി, സെക്രട്ടറി | വിരമിച്ചു | മാന്യ ജനയം വെണ്ണക്കോട് കുനിശ്ശേരി പാലക്കാട് |
| കെ.സന്തോഷ്, സെക്രട്ടറി | കുന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | അമ്പാട്ടുവീട് പുതുപ്പരിയാരം പി.ഒ തൊടുപുഴ ഇടുക്കി – 685608 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 9 |
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |

| | | |
|---|---|---|
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335/2016/7.4.16 | 5 |
| 2015-16 | കെ.എസ്.എ - പികെഡി19/2293/2016/28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816/2017/23.10.17 | 9 |
| 2017-18 | കെ.എസ്.എ - പികെഡി19/1887/18/19-9-2018 | 25 |
| 2018-19 | െക.എസ്.എ-പെികഡി-19/1518/2019/13.1.20 | 15 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വിവിധ പത്രികകൾ

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10442690.35 |
| 310000000 | Panchayat / Municipal Fund | B-1 | 10442690.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |
| | Agency Fund | | |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |
| | Agency Fund | | |
| 312000000 | Reserves | B-3 | 83699178.00 |
| 312000000 | Reserves | B-3 | 83699178.00 |
| | Total Reserve & Surplus | | 94141868.35 |
| | Total Reserve & Surplus | | 94141868.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12907851.00 |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12907851.00 |
| | Total Grants, Contributions for Specific Purposes | | 12907851.00 |
| | Total Grants, Contributions for Specific Purposes | | 12907851.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 27206777.00 |
| | Total Loans | | 27206777.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1517609.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1381201.65 |
| | Total Current Liabilities and Provisions | | 2898810.65 |
| | TOTAL LIABILITIES | | 137155307.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84137876.00 |
| 412000000 | Capital Work in Progress | B-11(a) | 2704426.00 |
| | Total Fixed Assets | | 86842302.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1490677.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 26906777.00 |
| 450000000 | Cash and Bank Balance | B-17 | 20894967.00 |
| 460000000 | Loans, Advances and Deposits | B-18 | 1020584.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 50313005.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 137155307.00 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14478649.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 105700.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1770329.00 |
| 130000000 | Rental income from Panchayat Properties | RP-3 | 27920.00 |
| 140000000 | Fees & User Charges | RP-4 | 746572.00 |
| 150000000 | Sale & Hire Charges | RP-5 | 180260.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56414052.00 |
| 171000000 | Interest Earned | RP-9 | 34345.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22553960.00 |
| 350000000 | Other Liabilities | RP-36 | 346346.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 22946.00 |
| 330000000 | Secured Loans | RP-32 | 5680000.00 |
| 340000000 | Deposits Received | RP-34 | 195964.00 |
| 341000000 | Deposit Works | RP-35 | 176465.00 |
| 350000000 | Other Liabilities | RP-36 | 572921.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5876058.00 |
| 460000000 | Loans, Advances and Deposits | RP-47 | 964309.00 |
| | Grand total | | 110146796.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5853247.00 |
| 220000000 | Administrative Expenses | RP-12 | 1619436.00 |
| 230000000 | Operations & Maintenance | RP-13 | 4687659.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7990469.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13364641.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2396450.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1076944.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 340800.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 7378369.00 |
| 280000000 | Prior Period item | RP-26 | 166055.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13386466.00 |
| 350000000 | Other Liabilities | RP-36 | 9319503.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1885.00 |
| 270000000 | Provisions and Write off | RP-23 | 26707.00 |
| 280000000 | Prior Period Item | RP-26 | -12590.00 |
| 330000000 | Secured Loans | RP-32 | 1363428.00 |
| 340000000 | Deposits Received | RP-34 | 595934.00 |
| 341000000 | Deposit Works | RP-35 | 176465.00 |
| 350000000 | Other Liabilities | RP-36 | 2563774.00 |
| 410000000 | Fixed Assets | RP-38 | 8195791.00 |
| 412000000 | Capital work in Progress | RP-40 | 1766713.00 |
| 440000000 | Pre-paid Expenses | RP-45 | 5380000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1613683.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20894967.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 110146796.00 |

INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6138348.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1455000.00 |
| 140000000 | Fee & User Charges | I-4(b) | 1270060.00 |
| 150000000 | Sale & Hire Charges | I-5(b) | 204810.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 100185912.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 34345.00 |
| 180000000 | Other Income | I-9 | 24262.00 |
| | Total Income | | 109312737.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15708259.00 |
| 220000000 | Administrative Expenses | I-11(b) | 1619436.00 |
| 230000000 | Operations & Maintenance | I-12(b) | 5027659.00 |
| 240000000 | Interest & Finance Charges | I-13 | 1885.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 7990469.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41674207.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2396450.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1076944.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 26016000.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7378369.00 |
| 270000000 | Provisions and Write off | I-16 | 26707.00 |
| | Total Expenditure | | 108916385.00 |
| | Gross Surplus/ Deficit of income over Expenditure | | 396352.00 |
| 280000000 | Prior Period Item | I-18 | 179453.10 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 216898.90 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |